തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങൾ

315 [1245] *ശ്രീ. സി. പി. മുഹമ്മദ്:*
,, *എ. കെ. മണി:*
,, *കെ. സുധാകരൻ:*
,, *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പുവർഷം ഇതുവരെ നെൽക്കൃഷിക്ക് അനുയോജ്യമായതും, തരിശിട്ടിരിക്കുന്നതുമായ എത്ര ഹെക്ടർ ഭൂമി നെൽക്കൃഷിക്ക് വിധേയമാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

അരൂർ കൃഷിഭവന് കീഴിലുള്ള ഇളയപാടം പാടശേഖരത്ത് 20 തൊഴിൽരഹിതരായ യുവാക്കൾ 12 ഹെക്ടർ തരിശുഭൂമിയിൽ നെൽക്കൃഷിക്ക് തുടക്കം കുറിച്ചു. വാവക്കാട് മുക്കൽ, കൊച്ചുവാവക്കാട് മുക്കൽ എന്നീ പാടശേഖരങ്ങളിലും 8 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ആരംഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

കൃഷിഭൂമി തരിശിടുന്നവർക്കെതിരെ നടപടി

316 [1246] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമി തരിശിടുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇത് നിയമം മൂലം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തരിശുഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് കർഷകർക്ക് എന്തെങ്കിലും സഹായം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കൃഷിഭൂമി തരിശിടുന്നവർക്കെതിരെ സെസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെൽപ്പാടങ്ങൾ തരിശിടുന്നതിനെതിരെ നടപടി സ്വീകരിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. 1967-ലെ കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശിടുന്നതും മറ്റ് വിളകൾക്കായി

LIBRARY ARCHIVES Kerala Legislative Assembly